# മഹാത്മാ ഗാന്ധി സർവ്വകലാശാല

## പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം–686 560

ഫോൺ: 0481 – 2733298, മൊബൈൽ : 9495119702


2019 ജനവരി 3

# വാർത്താക്കുറിപ്പ്

## പ്രൊഫ. സാബു തോമസിന് സി.എൻ.ആർ. റാവു പ്രൈസ് ലക്ചർ പുരസ്കാരം

മെറ്റീരിയൽസ് റിസർച്ച് സൊസൈറ്റി ഓഫ് ഇന്ത്യയുടെ (എം.ആർ.എസ്.ഐ.) 2019ലെ സി.എൻ.ആർ. റാവു പ്രൈസ് ലക്ചർ ഇൻ അഡ്വാൻസ്ഡ് മെറ്റീരിയൽസ് പുരസ്കാരം മഹാത്മാ ഗാന്ധി സർവകലാശാല വൈസ് ചാൻസലർ പ്രൊഫ. സാബു തോമസിന്. പോളിമർ സയൻസ്, നാനോ സയൻസ്, നാനോ ടെക്നോളജി മേഖലയിലെ മികച്ച അക്കാദമിക സംഭാവനകൾക്കാണ് പുരസ്കാരം. ഫെബ്രുവരി 12 മുതൽ 15 വരെ ബംഗളൂരു ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസിൽ നടക്കുന്ന എം.ആർ.എസ്.ഐ. വാർഷിക പൊതുയോഗത്തിൽ പുരസ്കാരം സമ്മാനിക്കും.

പ്രൊഫ. സാബു തോമസിന് രാജ്യാന്തര ജേർണലുകളിൽ 800ലധികം പബ്ലിക്കേഷനുകളാണുള്ളത്. ഇതിന് നിലവിൽ 39,823 തവണ ഗവേഷണ പ്രബന്ധങ്ങളിലും മറ്റും അവലംബ വിധേയമായിട്ടുണ്ട്. ഗവേഷക മികവ് കണക്കാക്കുന്ന എച്ച്-ഇൻഡക്സ് 92 ആണ്. അക്കാദമിക മികവിന് ഫ്രാൻസിലെ ലൊറൈൻ സർവകലാശാല 'പ്രൊഫസർ അറ്റ് ലൊറൈൻ' പദവി നൽകി ആദരിച്ചിരുന്നു.

പ്രൊഫ. സാബു തോമസിനു കീഴിൽ 90 പേർ ഗവേഷണം പൂർത്തീകരിച്ചിട്ടുണ്ട്. മിശ്രസംയുക്ത പദാർത്ഥങ്ങളുടെ മേഖലയിലെ മികച്ച സംഭാവനകൾക്ക് 2017ൽ ലൊറൈൻ സർവകലാശാലയും 2015ൽ സൗത്ത് ബ്രിട്ട്നി സർവകലാശാലയും 'ഡോക്ടർ ഹൊണോറിസ് കോസ' പദവി നൽകി ആദരിച്ചിരുന്നു. ശാസ്ത്രമികവിനുള്ള 2016ലെ ഡോ. എ.പി.ജെ. അബ്ദുൾകലാം അവാർഡ് പുരസ്കാരം ഇന്ത്യൻ നാനോ ബയോളജിസ്റ്റ്സ് അവാർഡ് രാജ്യത്തെ മികച്ച പോളിമർ ഗവേഷകനുള്ള സുകുമാർ മെയ്ത്തി അവാർഡ്, വിദ്യാഭ്യാസ മേഖലയിലെ മികവിനുള്ള 2017ലെ ദേശീയ വിദ്യാഭ്യാസ ലീഡർഷിപ്പ് അവാർഡ്, ലണ്ടൻ റോയൽ സൊസൈറ്റി ഓഫ് കെമിസ്ട്രിയുടെ ഫെല്ലോഷിപ്പ്, സ്ലൊവേനിയ ജോസഫ് സ്റ്റീഫൻ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രൊഫസർഷിപ്പ് എന്നിവയ്ക്കും അദ്ദേഹം അർഹനായിട്ടുണ്ട്. 2018ലെ മികച്ച അക്കാദമീഷ്യനുള്ള 'ട്രില' പുരസ്കാരവും ലഭിച്ചിരുന്നു.

(പി.ആർ.ഒ./39/6/2019)

## ഫോട്ടോ ക്യാപ്ഷൻ

**പ്രൊഫ. സാബു തോമസ്**

## പി.എച്ച്ഡി. കോഴ്സ് വർക്ക് പരീക്ഷ മാറ്റി

മഹാത്മാ ഗാന്ധി സർവകലാശാലയുടെ അംഗീകൃത ഗവേഷണകേന്ദ്രങ്ങളിൽ 2018ൽ കോഴ്സ് വർക്ക് പൂർത്തിയാക്കിയവർക്കും സപ്ലിമെന്ററി വിദ്യാർഥികൾക്കുമായി ജനവരി അഞ്ച്, ആറ് തീയതികളിൽ കോട്ടയം സി.എം.എസ്. കോളേജിൽ നടത്താനിരുന്ന പി.എച്ച്.ഡി. കോഴ്സ് വർക്ക് പരീക്ഷ ജനവരി 19, 20 തീയതികളിലേക്ക് മാറ്റിവച്ചു. ജനവരി 12ന് നടക്കുന്ന പി.എച്ച്ഡി. കോഴ്സ് വർക്ക് പേപ്പർ III പരീക്ഷ മാറ്റമില്ലാതെ അതത് ഗവേഷണകേന്ദ്രങ്ങളിൽ നടക്കും.

(പി.ആർ.ഒ./39/7/2019)

## ഫീസ്, രജിസ്ട്രേഷൻ ഇന്നുകൂടി

ഇന്നലെ (ജനുവരി 3) ഫീസടയ്ക്കേണ്ട അവസാന തീയതിയായി നിശ്ചയിച്ചിട്ടുള്ള എല്ലാ പരീക്ഷകളുടെയും ഫീസ് ഇന്ന് (ജനുവരി 4) അടയ്ക്കാം. കോളജ് വഴിയുള്ള ഒന്നാം സെമസ്റ്റർ പി.ജി. രജിസ്ട്രേഷൻ (2017 സപ്ലിമെന്ററി/ഇംപ്രൂവ്മെന്റ് - പോർട്ടൽ വഴി) ഇന്നുവരെ (ജനുവരി 4) നീട്ടി.

(പി.ആർ.ഒ./39/8/2019)

## തീസിസ് സമർപ്പിക്കണം

പത്താം സെമസ്റ്റർ ബി.ആർക് (സപ്ലിമെന്ററി) ജനുവരി 2019 പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്തവർ ജനുവരി ഏഴിന് രാവിലെ 10ന് മുമ്പായി മൂല്യനിർണയത്തിനുള്ള തീസിസ് കോളജിൽ സമർപ്പിക്കണം.

(പി.ആർ.ഒ./39/9/2019)

## വാർഷിക റിപ്പോർട്ട് സമർപ്പിക്കൽ; അവസാന തീയതി ഇന്ന് (ജനുവരി 4)

വിവിധ പഠനവകുപ്പുകൾ, സെന്ററുകൾ, അഫിലിയേറ്റഡ് കോളജുകൾ, ഗവേഷണ കേന്ദ്രങ്ങൾ എന്നിവ 2018 ജനുവരി ഒന്നു മുതൽ ഡിസംബർ 31 വരെയുള്ള കാലയളവിൽ നടത്തിയ പ്രവർത്തനങ്ങളുടെ സംക്ഷിപ്ത വാർഷിക റിപ്പോർട്ട് നിശ്ചിത മാതൃകയിൽ ഇന്ന് (ജനുവരി 4) സമർപ്പിക്കണം. mguannualreport2018@gmail.com എന്ന ഇ-മെയിൽ വിലാസത്തിലാണ് റിപ്പോർട്ട് സമർപ്പിക്കേണ്ടത്. വിശദവിവരം സർവകലാശാല വെബ്സൈറ്റിൽ ലഭിക്കും.

(പി.ആർ.ഒ./39/10/2019)

**എ. അരുൺ കുമാർ**

പബ്ലിക് റിലേഷൻസ് ഓഫീസർ